# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുതുനഗരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD-19/374/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 11/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുതുനഗരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD-19/374/23 തീയ്യതി: 11/04/2023

## പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-06-2022 മുതൽ 04-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 06-02-2023 | 13-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-02-2023 | 13-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത.യു ഓഡിറ്റ് ഓഫീസർ
ശ്രീമതി നസീറാബാനു എ സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അനില സി.എസ് സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അശ്വിനി ടി.കെ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സുധീറ.ഡി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി അനുപമ. എ | സെക്രട്ടറി | 01-04-2021 | 20-02-2022 |
| ശ്രീ നാരായണൻ.കെ | സെക്രട്ടറി | 21-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അബ്ദുൾ ലത്തീഫ്.എ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി ആഗ്നസ് എച്ച്.എൻ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി അനുഷ.ആർ | അസി.എൻജിനീയർ | 01-04-2021 | 09-08-2021 |
| ശ്രീ ഷെരീഫ്.വൈ | അസി.എൻജിനീയർ | 10-08-2021 | 01-01-2022 |
| ശ്രീ കൃഷ്ണനുണ്ണി കെ.സി | അസി.എൻജിനീയർ | 02-01-2022 | 31-03-2022 |
| ഡോ രാഗേഷ്.ആർ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ. ഇന്ദു സുന്ദർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.ബിജിഷ | മെഡിക്കൽ ഓഫീസർ(PHC) | 01-04-2021 | 31-03-2022 |
| ശ്രീമതി ശുഭ.വി | വി.ഇ.ഒ 1 | 01-04-2021 | 31-03-2022 |
| ശ്രീ സുജേഷ്.യു | വി.ഇ.ഒ-2 | 01-04-2021 | 31-03-2022 |
| ശ്രീമതി ആഷ.ആർ | കൃഷി ഓഫീസർ | 01-04-2021 | 29-04-2021 |
| ശ്രീ അരുൺ ടി.ടി | കൃഷി ഓഫീസർ | 30-04-2021 | 11-10-2021 |
| ശ്രീമതി റീജ എം.എസ് | കൃഷി ഓഫീസർ | 12-10-2021 | 31-03-2022 |
| ഡോ. മുത്തുസ്വാമി | വെറ്ററിനറി സർജ്ജൻ | 01-04-2021 | 02-12-2021 |
| ഡോ. സിജി.എസ്.രാജ് | വെറ്ററിനറി സർജ്ജൻ | 03-12-2021 | 31-03-2022 |
| ശ്രീമതി ഷീല ടി.ജി | ഡയറി ഏക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ സുദർശൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വസ്തു നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-11 |
| 13 | ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടും ഡാറ്റയിലെ തെറ്റുകൾ തുടരുന്നു | 1-11-1 |
| 14 | വസ്തുനികുതി നിർണ്ണയം- ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി നഷ്ടം . | 1-11-2 |
| 15 | ലൈസൻസ് ഫീസ് ഈടാക്കിയതിലുള്ള അപാകതകൾ | 1-12 |
| 16 | വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾക്ക് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല. | 1-12-1 |
| 17 | അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. | 1-12-2 |
| 18 | ലൈസൻസ് ഫീസ് ഈടാക്കുന്നതിന് ഏകീകൃത മാനദണ്ഡങ്ങളില്ല. | 1-12-3 |
| 19 | വ്യവസായ സ്ഥാപനങ്ങളുടെ കൃത്യമായ കണക്കില്ല | 1-12-4 |
| 20 | തൊഴിൽ നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ. | 1-13 |
| 21 | തൊഴിൽ നികുതി റിട്ടേണുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | 1-13-1 |
| 22 | വ്യാപാരികളുടെ തൊഴിൽ നികുതി ഇനത്തിലെ വരവിന്റെ കൃത്യത പരിശോധിച്ചുറപ്പിക്കാൻ കഴിഞ്ഞിട്ടില്ല. | 1-13-2 |
| 23 | മത്സ്യമാർക്കറ്റ് നടത്തുന്നതിന് നൽകിയ ഭൂമിയുടെ പാട്ടത്തുക അടവാക്കിയിട്ടില്ല. | 1-14 |
| 24 | ഷോപ്പിങ്ങ് കോംപ്ലക്സ് , ഫിഷ് മാർക്കറ്റ് എന്നിവയുടെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല. | 1-15 |
| 25 | വിനോദ നികുതി ഈടാക്കിയതിലുള്ള അപാകതകൾ | 1-16 |

| | | |
|---|---|---|
| 26 | കുടിവെള്ള പദ്ധതികളുടെ വെള്ളക്കര കുടിശ്ശിക ഒടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-17 |
| 27 | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് - തുകകൾ വകമാറ്റി ചെലവഴിച്ചു | 1-18 |
| 28 | മാലിന്യ സംസ്കരണ യൂണിറ്റ് സംവിധാനങ്ങൾ സ്ഥാപിക്കുവാൻ ആവിഷ്കരിച്ച പദ്ധതികൾ കരാർ കാലാവധി കഴിഞ്ഞും പൂർത്തീകരിച്ചിട്ടില്ല | 1-19 |
| 29 | ഹരിത കർമ്മസേന പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്. | 1-20 |
| 30 | എസ്.എസ്.എ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-21 |
| 31 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-22 |
| 32 | നിർവഹണ ഉദ്യോഗസ്ഥൻ പദ്ധതി നടപ്പിലാക്കിയിട്ടില്ല. | 1-23 |
| 33 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ പദ്ധതി | 1-24 |
| 34 | PMAY-പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-25 |
| 35 | ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-26 |
| 36 | ലൈഫ് ഭവന പദ്ധതി (എസ് സി) ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. | 1-26-1 |
| 37 | പാലിയേറ്റിവ് കെയർ - മാർഗ്ഗരേഖ പ്രകാരമുള്ള ഉത്തരവുകൾ പാലിച്ചിട്ടില്ല | 1-27 |
| 38 | അമൃതം ന്യൂട്രിമിക്സ് വിതരണത്തിന്റെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് ചെയ്യില്ല | 1-28 |
| 39 | പഠനമുറി -വിശദവിവരങ്ങൾ/രേഖകൾ ലഭ്യമാക്കിയില്ല | 1-29 |
| 40 | വാങ്ങലിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-30 |
| 41 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം | 1-31 |
| 42 | കെട്ടിടങ്ങളുടെ വിനിയോഗം തുടർ മോണിട്ടറിങ്ങ് നടത്തേണ്ടതാണ് | 1-32 |
| 43 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിൽ അപാകങ്ങൾ നിലനിൽക്കുന്നു | 1-33 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |

| | | |
|---|---|---|
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ധനകാര്യ സ്ഥിരം സമിതിയുടെ 6.02.21 തീയതിയിലെ 1-ാം നമ്പർ തീരുമാനം, പഞ്ചായത്ത് ഭരണ സമിതിയുടെ 20-02-21 തീയതിയിലെ യോഗ തീരുമാനം നം. 1/1 എന്നിവ പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 7973333 |
| തൻവർഷം വരവ് | 156858946 |
| ആകെ വരവ് | 164832279 |
| ചെലവ് | 162340000 |
| നീക്കിയിരിപ്പ് | 2492279 |

ധനകാര്യ സ്ഥിരം സമിതിയുടെ 14.03.22 തീയതിയിലെ 1-ാം നമ്പർ തീരുമാനം, പഞ്ചായത്ത് ഭരണ സമിതിയുടെ 26-03-22 തീയതിയിലെ യോഗ തീരുമാനം നം. 1/1 എന്നിവ പ്രകാരം ബജറ്റ് പിന്നീട് റിവൈസ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രാരംഭ ബാക്കി | 4304889 |
| തൻവർഷം വരവ് | 238072000 |
| ആകെ വരവ് | 242153188 |
| ചെലവ് | 240732000 |
| നീക്കിയിരിപ്പ് | 1421188 |

ബജറ്റിൽ ₹164832279 വരവും ₹162340000 ചെലവും വകയിരുത്തിയെങ്കിലും വാർഷിക കണക്കുകൾ പ്രകാരം ₹49147282യഥാർത്ഥ വരവും ₹45181865 യഥാർത്ഥ ചെലവും ആണ്. പുതുക്കിയ ബജറ്റ് തയ്യാറാക്കുമ്പോഴും അടുത്ത വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുമ്പോഴും തൻവർഷം നാളിതുവരെയുള്ള വരവു ചെലവുകൾ പരിഗണിക്കുന്നില്ല. അതുകൊണ്ടുതന്നെ യഥാർത്ഥ വരവിന്റെ ഇരട്ടിയിലധികമാണ് ബജറ്റിൽ വരവിലും ചെലവിലും വകയിരുത്തുന്നത്. ബജറ്റ് തയ്യാറാക്കുന്നതിലും നിർവ്വഹണത്തിലും ഗ്രാമ പഞ്ചായത്തുകളുടെ ബജറ്റ് തയ്യാറാക്കുന്നതിനായി GO(Rt)No.3291/2016/LSGD/02.12.2016 പ്രകാരം സർക്കാർ അംഗീകരിച്ച മാന്വലിലെ നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 06-08-2022 | - | - |

1994 കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 9(1) പ്രകാരം വാർഷിക കണക്ക് ജൂലൈ 31 നകം സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2-1 വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരങ്ങൾ

2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

സി) ചട്ടം 62(3) – മുൻ വർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല

2.ബാലൻസ് ഷീറ്റിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം (802099/- ) , ജില്ലാ പഞ്ചായത്ത് വിഹിതം (19566/-) എന്നിവ ഏതെല്ലാം സംയുക്ത പദ്ധതികളുടെ നീക്കിയിരുപ്പാണെന്ന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വ്യക്തമല്ല.

4. ഗ്രാന്റ് വിനിയോഗം ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ, വാർഷിക കണക്ക് എന്നിവയെ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ജി.ഒ പ്രൊജക്ടുകളായ (ജനറൽ) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം എന്നിവയുടെ ആകെ തുക 3147858/- രൂപ വികസനഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്താതെ ചെലവിൽ മാത്രം ഉൾപ്പെടുത്തിയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരുപ്പ് മൈനസാണ്. ( -3096293/-)

5. Balance Sheet Schedule B- 18 – പ്രകാരം ക്രമീകരിക്കുവാനുള്ള തുകകൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. (Advance To NREGA, Advance To Prerak ഒഴികെ). Advance To Implementing Agencies – Deposit To KSEB-743670/- തുക Balance Sheet Schedule B- 18 ലും അഡ്വാൻസ് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. നിക്ഷേപ പ്രവൃത്തികളുടെ (Deposit To KSEB, KWA) മുൻവർഷങ്ങളിൽ ക്രമീകരിക്കുവാനുള്ള തുകകൾ സംബന്ധിച്ചും വ്യക്തതയില്ല. നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.നിക്ഷേപ പ്രവൃത്തികളുടെ നാളിതുവരെയുള്ള മുഴുവൻചെലവും ബാലൻസ് ഷീറ്റിൽ ലയബിലിറ്റിയായി ഉൾപ്പെടുത്തേണ്ടതാണ്.

6.Balance Sheet Schedule-B9 – Amount Payable To KWA – 34829696/- കുടിശ്ശിക കണക്ക് വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

7.ഡെപ്പോസിറ്റ് - Contractors EMD – മുന്നിരിപ്പ് രജിസ്റ്ററിലും വാർഷിക കണക്കിലും വ്യത്യസ്തമാണ്.വാർഷിക കണക്ക് പ്രകാരമുള്ള മുന്നിരിപ്പ് 5050/-, രജിസ്റ്റർ പ്രകാരം - 3750/- . Water Connection Deposit രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

8. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ ലൈസൻസ് ഫീ, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

9. വാടക കുടിശ്ശിക – രജിസ്റ്റർ പ്രകാരം 111897/- രൂപയും, വാർഷിക കണക്ക് പ്രകാരം 106657/- രൂപയുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6993302 |
| വരവ് | 49147282 |
| ആകെ | 56140584 |
| ചെലവ് | 45181865 |
| നീക്കിയിരിപ്പ് | 10958719 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| *വികസനഫണ്ട് -ജനറൽ | 0 | 6994142 | 6994142 | 6942577 | 51565 |
| **വികസനഫണ്ട് - എസ്.സി.പി | 0 | 6150258 | 6150258 | 5504584 | 645674 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 3508000 | 3508000 | 1927211 | 1580789 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4853319 | 4853319 | 3236812 | 1616507 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-ബാങ്ക് | 0 | 2833000 | 2833000 | 398068 | 2434932 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- ട്രഷറി | 0 | 6678876 | 6678876 | 1387662 | 5291214 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ്- ഗ്രാന്റ്- ബാങ്ക് | 0 | 1929745 | 1929745 | 1448791 | 480954 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് ഗ്രാന്റ്- ട്രഷറി | 0 | 3016554 | 3016554 | 1961067 | 1055487 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 917064 | 775032 | 1692096 | 1611228 | 80868 |

തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. | 3591 | 628708 | 632299 | 627831 | 4468 |

| | | | | | |
|---|---|---|---|---|---|
| എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | | |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 20835345 | 20835345 | 20835345 | 0 |
| ആകെ | 3591 | 21464053 | 21467644 | 21463176 | 4468 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 100000 | 1500000 | 1600000 | 500000 | 1100000 |

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് (Performance Based Incentive) | 2523377 | 0 | 2523377 | 468000 | 2055377 |
| സമ്പൂർണ്ണ ശുചിത്വം | 373624 | 0 | 373624 | 130000 | 243624 |

* വികസന ഫണ്ട് (ജനറൽ) - ഇതിൽ ജി.ഒ പ്രൊജക്ടുകളായ (ജനറൽ) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം എന്നിവയുടെ ആകെ തുക 3147858/- രൂപ വരവ് ചെലവിൽ ഉൾപ്പെടുന്നില്ല.

വികസന ഫണ്ട് (എസ്.സി.പി) - ഇതിൽ ജി.ഒ പ്രൊജക്ടുകളായ (എസ്.സി.പി) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവിന്റെ ആകെ തുക 192742/- രൂപ വരവ് ചെലവിൽ ഉൾപ്പെടുന്നില്ല.

ഗ്രാന്റ് വിനിയോഗം ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ, വാർഷിക കണക്ക് എന്നിവയെ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ജി.ഒ പ്രൊജക്ടുകളായ (ജനറൽ) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം എന്നിവയുടെ ആകെ തുക 3127858/- രൂപ വരവിലെടുക്കാതെ ചെലവിൽ മാത്രം ഉൾപ്പെടുത്തിയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരുപ്പ് നെഗറ്റീവ് ആണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 149 | 66130535 | 102 | 32971468 | - | 47 | 68 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 68% എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 50% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 4555320 | 3638215 | 80 |
| വെറ്ററിനറി സർജ്ജൻ | 6 | 6 | 2416200 | 1517300 | 63 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 4 | 1788200 | 1279762 | 72 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 530000 | 508934 | 96 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| വി.ഇ.ഒ -1 | 6 | 2 | 12094400 | 4110000 | 34 |
| വി.ഇ.ഒ -2 | 6 | 4 | 11355200 | 4229100 | 37 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 4746560 | 4249211 | 90 |
| സെക്രട്ടറി | 32 | 30 | 9830771 | 7029248 | 72 |
| അസി.സെക്രട്ടറി | 5 | 5 | 1140200 | 889124 | 78 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 74 | 37 | 17272684 | 5269574 | 31 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 151000 | 151000 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 0 | 150000 | 0 | 0 |
| ആകെ | 149 | 102 | 66130535 | 32971468 | 50 |

1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3591 | 628708 | 632299 | 627831 | 4468 |

| | | | | | |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 20835345 | 20835345 | 20835345 | 0 |
| ആകെ | 3591 | 21464053 | 21467644 | 21463176 | 4468 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 2590600 | 167 |
| 2 | വാർദ്ധക്യകാല പെൻഷൻ | 20082800 | 1444 |
| 3 | വികലാംഗ പെൻഷൻ | 3541600 | 245 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 436800 | 28 |
| 5 | വിധവാ പെൻഷൻ | 13165200 | 879 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 390000 | 17 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-01-2023 ന് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 4720/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ കാലാവധി 9.10.22 അവസാനിച്ചതിനു ശേഷം തുടർന്ന് പുതുക്കി

ലഭ്യമായിട്ടില്ല. ആയത് പുതുക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്. പൗരാവകാശ രേഖ 2021ൽ പുതുക്കിയിട്ടുണ്ട്.

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

മുൻ വർഷങ്ങളിലെ സംയുക്ത പദ്ധതികളുടെ നീക്കിയിരുപ്പ് വ്യക്തമാക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നിക്ഷേപ പ്രവൃത്തികൾ, വായ്പ എന്നിവയുടെ രജിസ്റ്ററും തയ്യാറാക്കിയിട്ടില്ല.

പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ആസ്തികളുടെ അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നിലവിൽ R-track Mobile Application വഴി പഞ്ചായത്തിലെ മുഴുവൻ റോഡുകളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും ആയതിന്റെ പ്രവർത്തനങ്ങൾ സ്പിൽ ഓവറായി നടപ്പാക്കിവരുന്നു.

സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

18-2-2011 മുതൽ 11-3-2011 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2005-06 മുതൽ 2009-10വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. 17-09-22തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ ആഗസ്റ്റ്/22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും മുൻ റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടില്ല. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

### 1-11 വസ്തു നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 207 വകുപ്പ് പ്രകാരം വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203 വകുപ്പ് പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജും) ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-11-1 ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടും ഡാറ്റയിലെ തെറ്റുകൾ തുടരുന്നു

വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ താഴെ പറയുന്ന 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഹോട്ടൽ, ഷോപ്പുകൾ എന്നീ കെട്ടിടങ്ങളെ 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണത്തിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. 2013ന് മുമ്പ് വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ആയതിനാൽ ഇതുമൂലം നികുതി നഷ്ടം ഉണ്ടാകുന്നില്ലെങ്കിലും തെറ്റായ ഡാറ്റ സഞ്ചയയിൽ തുടരുന്നു. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | തരം |
|---|---|---|---|
| 1 | 1/138 | 182 | ഗോഡൌൺ |
| 2 | 3/296 | 143.42 | ഹോട്ടൽ |
| 3 | 3/298 | 220 | ഷോപ്പുകൾ |
| 4 | 3/300 | 245.42 | ഷോപ്പുകൾ |
| 5 | 3/302 | 191.57 | ഷോപ്പുകൾ |
| 6 | 5/389 | 179 | ഷോപ്പുകൾ |
| 7 | 7/204 | 126 | ഗോഡൌൺ |
| 8 | 7/206 | 180 | ഗോഡൌൺ |
| 9 | 8/48 | 157 | ഷോപ്പുകൾ |
| 10 | 9/257 | 122 | ഗോഡൌൺ |
| 11 | 10/48 | 225 | ഗോഡൌൺ |
| 12 | 12/183 | 110 | ഷോപ്പുകൾ |

ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും മേൽ അപാകതകൾ തുടരുന്നതിന് വിശദീകരണം 10.02.2023 ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/10.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയഡാറ്റാ ബേസിൽ തിരുത്തൽ വരുത്തി മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-11-2 വസ്തുനികുതി നിർണ്ണയം- ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി നഷ്ടം .

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 40 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 60 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിലധികം തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടത്തെ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണ്ണം (ച.മീ)/ തരം | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | പ്രാബല്യം | പ്രതി വർഷ നഷ്ടം |
|---|---|---|---|---|---|---|
| 3/490 | ജില്ല അബ്ദുൾകലാം പട്ടമ്മകടിയിൽ ഹൌസ്, മൂവാറ്റുപുഴ | 120.36 ഷോപ്പുകൾ | 40x120.36=4814.4<br>ഇളവ് =ഇല്ല<br>വർദ്ധനവ്=20%<br>BT=5778<br>LC=289<br>Total=6067 | 60x120.30=7218<br>ഇളവ്=ഇല്ല<br>വർദ്ധനവ്=20%<br>BT=8662<br>LC=433<br>Total=9095 | 2014 Ist Half | 3028 |

2014 പ്രാബല്യത്തിൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ള 120.36 ച.മീ വിസ്തീർണ്ണമുള്ള മേൽ കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിലുൾപ്പെടുത്തിയതിനാൽ 3028രൂപ പ്രതിവർഷ നഷ്ടം

ഉണ്ടാകുന്നുണ്ട്. അതുകൊണ്ടുതന്നെ മേൽ കെട്ടിടത്തിന്റെ ഫോം-6 പരിശോധിക്കേണ്ടതും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലുൾപ്പെടുത്തി അപാകത പരിഹരിക്കേണ്ടതും കെട്ടിടത്തിന്റെ ഫോം-6 സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. 10.02.2023 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ 4ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 ലൈസൻസ് ഫീസ് ഈടാക്കിയതിലുള്ള അപാകതകൾ

2021-22 വർഷത്തിൽ അനുവദിച്ച ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-12-1 വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾക്ക് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ ചട്ടം 17, ചട്ടം 18 എന്നിവ പ്രകാരം വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന് ഈടാക്കാവുന്ന ഫീസ് ഈ നിയമങ്ങളുമായി ചേർത്തിട്ടുള്ള പട്ടിക-IIൽ നൽകിയിട്ടുണ്ട്. എന്നാൽ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസ് നമ്പർ & തീയതി | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന യന്ത്രത്തിന്റ കുതിരശക്തി | ഈടാക്കേണ്ട ഫീസ് |
|---|---|---|---|---|
| 1 | A1-404/2021-22-1 Dtd 13.04.2021 | അശോക ഇന്ഡസ്ട്രീസ്, വെൽഡിങ്ങ് വർക്ക് ഷോപ്പ്. | 41 HP | 500 |
| 2 | A1-548/2021-22-5 Dtd 27.04.2021 | മേലേത്ത് ഹോളോബ്ളോക്ക് | 15 HP | 200 |
| 3 | A1-1398/2021-22-7 Dtd 27.04.2021 | ABU SAW MILL | 41 HP | 500 |
| 4 | A1-624/2021-22-17 Dtd 06.01.2021 | ഉച്ചമാഹാളിയമ്മൻ ഹോളോബ്രിക്സ് | 10 HP | 100 |
| 5 | A1-940/2021-22-54 Dtd 27.04.2021 | ശക്തി ഫെർട്ടിലൈസേഴ്സ് | 20 HP | 200 |

വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് ( 6/09.02.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-12-2 അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല.

ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ രേഖപ്പെടുത്തിയതായി കാണുന്നില്ല. മൂലധന നിക്ഷേപം രേഖപ്പെടുത്താതെ എപ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/9.002.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മൂലധന നിക്ഷേപം

രേഖപ്പെടുത്താത്ത ലൈസൻസ് രേഖകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസ് നമ്പർ & തീയതി | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| 1 | A1-404/2021-22-1 Dtd 13.04.2021 | അശോക ഇൻഡസ്ട്രീസ്, വെൽഡിങ്ങ് വർക്ക് ഷോപ്പ്. | 500 |
| 2 | A1-525/2021-22-2 Dtd 13.04.2021 | കാജാ സ്റ്റോർ, പലചരക്ക് കച്ചവടം | 300 |
| 3 | A1-616/2021-22-15 Dtd 27.04.2021 | ശ്രീ വിനായക റൈസ് & ഫ്ളോർ മിൽ | 500 |
| 4 | A1-624/2021-22-17 Dtd 06.01.2021 | ഉച്ചമാഹാളിയമ്മൻ ഹോളോബ്രിക്സ് | 500 |

അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതുമാണ്.

1-12-3 ലൈസൻസ് ഫീസ് ഈടാക്കുന്നതിന് ഏകീകൃത മാനദണ്ഡങ്ങളില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ ചട്ടം 7 പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന പരമാവധി ഫീസ് പട്ടിക-IIൽ നൽകിയിട്ടുണ്ട്. അതുപ്രകാരം 10 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള സേവനമേഖലയിലുൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കേണ്ട പരമാവധി ലൈസൻസ് ഫീസ് 500 രൂപയാണ്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള അപേക്ഷകളിൽ ഒരേ വിഭാഗത്തിലെ സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത തുക ഈടാക്കുന്നതായി കാണുന്നു. ഉദാഹരണത്തിന്

| ക്രമ നമ്പർ | ലൈസൻസ് നമ്പർ & തീയതി | സ്ഥാപനത്തിന്റെ പേര് | മൂലധന നിക്ഷേപം (അപേക്ഷയിൽ രേഖപ്പെടുത്തിയത്) | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | A1-692/2021-22-34 Dtd 27.04.2021 | പവർ സ്റ്റോൺ സിമന്റ് വർക്ക് , സിമന്റ് ബ്ളോക്ക് നിർമ്മാണം | 1,30,000 ഉല്പാദന മേഖല | 500 |
| 2 | A1-783/2021-22-40 Dtd 27.04.2021 | AAA Chilli Powder Masal, മസാല നിർമ്മാണവും വില്പനയും | 30,000 ഉല്പാദന മേഖല | 400 |
| 3 | A1-1703/2021-22-101 | M.R.C ഡയറി | രേഖപ്പെടുത്തിയിട്ടില്ല. | 300 |

| | | | | |
|---|---|---|---|---|
| | Dtd 27.04.2021 | പ്രൊഡക്ട്സ് | | |
| 4 | A1-613/2021-22-93 Dtd 27.04.2021 | ബിസ്മില്ല ടീസ്റ്റാൾ | രേഖപ്പെടുത്തിയിട്ടില്ല. | 200 |

ഓരേ വിഭാഗത്തിലെ സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത ഫീസ് ഈടാക്കുന്നതിന് മേൽ ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരം ഭരണസമിതി സ്ളാബുകളും അതിനനുസൃതമായി ഫീസ് നിരക്കും നിശ്ചയിക്കേണ്ടതാണ്.

### 1-12-4 വ്യവസായ സ്ഥാപനങ്ങളുടെ കൃത്യമായ കണക്കില്ല

പുതുനഗരം ഗ്രാമപഞ്ചായത്തിൽ എത്ര വ്യവസായ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത് എന്നത് സംബന്ധിച്ച കൃത്യമായ കണക്കുകളില്ല. ലൈസൻസ് പുതുക്കുന്നതിനും പുതിയ ലൈസൻസിനുമായി ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് രജിസ്റ്ററുണ്ടാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് തന്നെ ലൈസൻസ് ഫീസിന്റെ വരവിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. നിലവിലുള്ളതും പുതിയതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടതും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

### 1-13 തൊഴിൽ നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1), (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും ആകെ 60 ദിവസത്തിൽ കുറയാതെ ആ പ്രദേശത്ത് താമസിച്ചുകൊണ്ട് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയാളുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, പുതുനഗരം പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-13-1 തൊഴിൽ നികുതി റിട്ടേണുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള വ്യാപാരികളുടെ തൊഴിൽനികുതി ഇനത്തിലെ 2021-22 വർഷത്തെ വരവ് (Profession Tax -Traders കോഡ്-431120105) 1,73,200/- രൂപയാണ്. എന്നാൽ തൊഴിൽ നികുതി റിട്ടേണുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. റിട്ടേണുകൾ ഹാജരാക്കിയിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(19/10.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 10ൽ ഉപചട്ടം (1),(2) പ്രകാരം തൊഴിൽ നികുതി അടക്കുന്നതിന് ബാദ്ധ്യസ്ഥമോ ബാദ്ധ്യസ്ഥനോ ആണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം അങ്ങനെയുള്ള കമ്പനി/ആളോട് VI ാം നമ്പർ ഫോറത്തിലുള്ള നോട്ടീസ് പ്രകാരം റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ആയത് പൂർണ്ണവും ശരിയുമാണെന്ന് ബോദ്ധ്യം വരുന്ന പക്ഷം അങ്ങനെയുള്ള റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതുമാണ്. അതുകൊണ്ടുതന്നെ തൊഴിൽ നികുതി ഈടാക്കുന്നവരിൽ നിന്ന് റിട്ടേൺ വാങ്ങിക്കേണ്ടതാണ്.

### 1-13-2 വ്യാപാരികളുടെ തൊഴിൽ നികുതി ഇനത്തിലെ വരവിന്റെ കൃത്യത പരിശോധിച്ചുറപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വ്യാപാരികളുടെ തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാനോ വ്യാപാരികളുടെ തൊഴിൽ നികുതി ഇനത്തിലെ വരവിന്റെ കൃത്യത പരിശോധിച്ചുറപ്പിക്കാനോ കഴിഞ്ഞിട്ടില്ല. വാർഡ് തിരിച്ചുള്ള വ്യാപാരസ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതും ലഭിക്കാനുള്ള

തുകയുടെ കൃത്യത പരിശോധിച്ചുറപ്പിക്കേണ്ടതുമാണ്.

1-14 മത്സ്യമാർക്കറ്റ് നടത്തുന്നതിന് നൽകിയ ഭൂമിയുടെ പാട്ടത്തുക അടവാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി, മത്സ്യമാർക്കറ്റ് നടത്തുന്നതിന് പാട്ടത്തിന് നൽകിയിട്ടുണ്ട്. പാട്ടതുക അടവാക്കിയില്ലാത്തതിനാൽ പഞ്ചായത്തിനു ഗണ്യമായ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | പാട്ടത്തിന് നൽകിയ വ്യക്തിയുടെ പേര് | അടവാക്കേണ്ട തുക |
|---|---|---|---|
| 1 | 2015-16 | മുഹമ്മദ് ഹനീഫ | 91,000 |
| 2 | 2017-18 | സലീം | 2,75,000 |
| 3 | 2019-20 | എം.എൻ.രാജ്കപൂർ | 2,84,000 |
| | | ആകെ | 6,50,000 |

കുടിശ്ശിക തുകയായ 6,50,000രൂപ ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (08/09.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മത്സ്യമാർക്കറ്റ് നടത്തുന്നതിന് പാട്ടത്തിന് നൽകിയ ഭൂമിയുടെ പാട്ടത്തുക കുടിശ്ശിക അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-15 ഷോപ്പിങ്ങ് കോംപ്ലക്സ് , ഫിഷ് മാർക്കറ്റ് എന്നിവയുടെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.

1) വാടകകുടിശ്ശിക ഈടാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിങ്ങ് കോംപ്ലക്സ് , ഫിഷ് മാർക്കറ്റ് എന്നിവിടങ്ങളിലുള്ള കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടകകുടിശ്ശിക ഈടാക്കിയിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

ഷോപ്പിംങ്ങ് കോംപ്ലക്സ് കടമുറികൾ

| ക്രമ നമ്പർ | ഷോപ്പ് നമ്പർ | വാടകയ്ക്ക് നൽകിയ വ്യക്തിയുടെ പേര് | തൻവർഷത്തെ വാടക കുടിശ്ശിക | മുൻ വർഷങ്ങളിലെ വാടക കുടിശ്ശിക | ആകെ കുടിശ്ശിക |
|---|---|---|---|---|---|
| 1 | 4 & 5 | മാനേജർ, മാവേലി സ്റ്റോർ | 1899 | 0 | 1899 |
| 2 | 10 | അഷറഫലി | 0 | 4887 | 4887 |
| ആകെ | | | 1899 | 4887 | 6786 |

ഫിഷ് മാർക്കറ്റ് കടമുറികൾ

| ക്രമ നമ്പർ | ഷോപ്പ് നമ്പർ | വാടകയ്ക്ക് നൽകിയ വ്യക്തിയുടെ പേര് | തൻവർഷത്തെ വാടക കുടിശ്ശിക | മുൻ വർഷങ്ങളിലെ വാടക കുടിശ്ശിക | ആകെ കുടിശ്ശിക |
|---|---|---|---|---|---|
| 1 | 1 | ജാഫർ അലി | 24534 | 28556 | 53090 |
| 2 | 3 | സക്കീർ | 24534 | 28556 | 53090 |

| | | | | | |
|---|---|---|---|---|---|
| | | ഹുസൈൻ | | | |
| 3 | 5 | മുഹമ്മദ് ബഷീർ | 0 | 2596 | 2596 |
| 4 | 6 | സത്താർ | 24534 | 28556 | 53090 |
| 5 | 7 | നജ്മുദ്ദീൻ | 24534 | 70500 | 95034 |
| 6 | 8 | മുഹാറക്ക് അലി | 11862 | 13805 | 25667 |
| ആകെ | | | 109998 | 172569 | 282567 |

ഷോപ്പിംങ്ങ് കോംപ്ലക്സ് കടമുറികളുടെയും ഫിഷ് മാർക്കറ്റ് കടമുറികളുടെയും തൻവർഷത്തെ ആകെ വാടക കുടിശ്ശികയായ 111897/-രൂപയും(1899+109998) മുൻ വർഷങ്ങളിലെവാടക കുടിശ്ശികയായ 177456/-രൂപയും (4887+172569)ചേർത്ത് ആകെ 289353/-രൂപ(6786+282567) കുടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ട്. ഈ തുക ഈടാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതും തുടർവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) വാടക രജിസ്റ്ററിലെ കുടിശ്ശിക തുക വാർഷിക ധനകാര്യ പത്രികയിലെ കുടിശ്ശിക തുകയുമായി പൊരുത്തപ്പെടുന്നില്ല.

വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഷോപ്പിംങ്ങ് കോംപ്ളക്സ് കടമുറികളുടെയും ഫിഷ് മാർക്കറ്റ് കടമുറികളുടെയും തൻവർഷത്തെ ആകെ വാടക കുടിശ്ശിക 111897 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ 106657 രൂപയാണ് (കോഡ്-431400101 ശീർഷകം-Rent Receivables From Buildings(Current)) കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുള്ളത്. 5240 രൂപയുടെ വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/10.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-16 വിനോദ നികുതി ഈടാക്കിയതിലുള്ള അപാകതകൾ

1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർറ്റെയ്ൻമെന്റ് ടാക്സ് ആക്ട് വകുപ്പ് 3 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടിക്കറ്റിന്റെ നിശ്ചിത ശതമാനം വിനോദ നികുതി ചുമത്തുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. സ.ഉ(കൈ)നം.63/2019/തസ്വഭവ തിയതി 10-06-2019 പ്രകാരം 10-06-2019 മുതൽ സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഈടാക്കുന്നതിന് അനുമതി നൽകുകയും സ.ഉ(കൈ)നം.112/2019/ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയും പ്രാബല്യ തിയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തു. ഇ-ടിക്കറ്റ് നിലവിൽ വരുന്നതുവരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ രണ്ട് സ്ക്രീനുകളോട്ടുകൂടി ന്യൂ തിയേറ്റർ എന്ന പേരിൽ ഒരു സിനിമാ തീയേറ്റർ പ്രവർത്തിക്കുന്നുണ്ട്.

കോവിഡിന്റെ പശ്ചാത്തലത്തിൽ 1-4-2021 മുതൽ 31-12-2021 വരെയുള്ള കാലയളവിലെ വിനോദ നികുതിയിൽ സർക്കാർ ഇളവ് നൽകിയതിനു ശേഷം 1-1-2022 മുതൽ വിനോദ നികുതി ഈടാക്കേണ്ടതാണ്. ഫയൽ, ബന്ധപ്പെട്ട രേഖകൾ എന്നിവ പരിശോധിച്ചതിൽ ജി.എസ്.ടി ഒടുക്കിയ രേഖകളുടെ അടിസ്ഥാനത്തിലല്ല നികുതി ഈടാക്കുന്നത് എന്ന് ബോധ്യപ്പെട്ടു. മുഴുവൻ ടിക്കറ്റുകളുടെയും നിരക്ക് 100 രൂപയാണ്. അടിസ്ഥാന ടിക്കറ്റ് നിരക്കായ 79.52 രൂപയുടെ 5% ആയ 3.98 രൂപയാണ് ഒരു ടിക്കറ്റിന്റെ വിനോദ നികുതിയായി ഈടാക്കിവരുന്നത്. തിയേറ്ററിൽ നിന്നും ലഭിക്കുന്ന ഡെയ്‌ലി കളക്ഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള ടിക്കറ്റുകളുടെ എണ്ണത്തെ 3.98 കൊണ്ട് ഗുണിച്ചുകിട്ടുന്ന

തുകയാണ് വിനോദനികുതിയായി ഈടാക്കിവരുന്നത്. സ്ഥാപനം ജി.എസ്.ടി അടവാക്കിയിട്ടുള്ള ജി.എസ്.ടി റിട്ടേണുകൾ പരിശോധനാവിധേയമാക്കാതെ ഡെയ്‌ലി കളക്ഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായാണ് വിനോദ നികുതി ഈടാക്കുന്നത്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/13.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി ഒടുക്കുന്ന തുകയ്ക്ക് ആനുപാതികമായി വിനോദ നികുതി ഈടാക്കേണ്ടതും തുടർവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-17 കുടിവെള്ള പദ്ധതികളുടെ വെള്ളക്കര കുടിശ്ശിക ഒടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

1.വാർഷിക കണക്കിൽ Balance Sheet Schedule B-9 Other Liability Head 35010093 പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് അടവാക്കാനുള്ള കുടിശ്ശിക 34,829,696 രൂപ നിലനിൽക്കുന്നു. പ്രസ്തുത കുടിശ്ശിക ബൾക്ക്മീറ്ററുകളുടെ ചാർജ്ജിനത്തിൽ വാട്ടർ അതോറിറ്റിക്ക് അടവാക്കാനുള്ളതാണെന്ന ബന്ധപ്പെട്ട സെക്ഷൻ അറിയിച്ചിട്ടുണ്ട്. ടി കുടിശ്ശിക സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല.

2. പഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന രണ്ട് കുടിവെള്ള പദ്ധതികളായ ചന്തപ്പേട്ടവട്ടാരം കുടിവെള്ള പദ്ധതി, പടിക്കൽപാടം കുടിവെള്ള പദ്ധതി എന്നിവയിൽ 2021-22 ൽ പഞ്ചായത്തിന്റെ തനത് ഫണ്ട് ചെലവിനങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ ചെലവുവിവരങ്ങൾ താഴെ കൊടുക്കുന്നു

| | |
|---|---|
| പമ്പ് ഓപ്പറേറ്റർ വേതനം, മീറ്റർ റീഡിംഗ് വേതനം | 178550 |
| മോട്ടാർ റിപ്പയറിംഗ്, അറ്റകുറ്റ പണികൾ | 119490 |
| ഇലക്ട്രിസിറ്റി ചാർജ് | 164609 |
| ആകെ | 462649 |

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1.കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ,സംരക്ഷണം എന്നിവ സംബന്ധിച്ച സ.ഉ.(സാ) നമ്പർ 1275/2009/ തസ്വഭവ30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ പറഞ്ഞ രണ്ട് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ ചുമതല നാളിതുവരെ ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചിട്ടില്ല. പ്രതിമാസം 4 ലക്ഷം രൂപയോളം ചെലവ് വരുന്നുണ്ട്.

2. കേരള വാട്ടർ അതോറിറ്റിയുടെ 2021 ജൂണിലെ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ ആകെ 6 പൊതു ടാപ്പുകളുണ്ട്. ടാപ്പൊന്നിന് ഒരു വർഷം 5512.5 രൂപയാണ് വാട്ടർ ചാർജ്ജ് 52751/04.06.2021. നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം ഒരു മാസത്തെ വെള്ളക്കരം 2757 രൂപയാണ്. 6 പൊതുടാപ്പുകളുടെ ഡിമാന്റാണ് വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടുള്ളതെങ്കിലും ഓരോ മാസത്തെയും ഡിമാന്റിനോടൊപ്പം കുടിശ്ശികതുകയും പിഴയും ഡിമാന്റ് ചെയ്തിട്ടുണ്ട്. 31-05-2021 ഡിമാന്റ് നോട്ടീസ് അനുസരിച്ച് തൻമാസത്തെ ഡിമാന്റ് തുകയായ 2757/- രൂപയും 14207/-രൂപ കുടിശ്ശികയും 280/- രൂപ പിഴയും അടക്കം 17244 രൂപ അടവാക്കാനുണ്ടായിരുന്നത് വൌച്ചർ നമ്പർ 201/16.06.2021 പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ 2021 ഓഗസ്റ്റ് മുതൽ 2022 മാർച്ച് വരെ സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം ഒടുക്കിയിട്ടില്ല. കുടിശ്ശിക നിവാരണത്തിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങളും വ്യക്തമല്ല.

3. പൊതുടാപ്പുകളുടെ എണ്ണം, പ്രവർത്തനക്ഷമത എന്നിവ വിലയിരുത്തുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്, സംയുക്ത പരിശോധന നടത്താത്തപക്ഷം ആയതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നീ വിവരങ്ങൾ ലഭ്യമാക്കിയില്ല. മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട് നൽകിയ 24/13-02-2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി

ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതാണ്. സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം വാട്ടർ അതോറിറ്റിയുമായുള്ള സംയുക്ത പരിശോധയിൽ തിട്ടപ്പെടുത്തേണ്ടതും, വെള്ളക്കരം അതാത് മാസം തന്നെ അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, നിലവിലെ കുടിശ്ശിക ഒടുക്കി കാലികമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബൾക്ക് മീറ്ററിന്റെ കുടിശ്ശിക കൃത്യത തിട്ടപ്പെടുത്തി ആയത് One Time Settlement മുഖേന ഒടുക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായേണ്ടതാണ്.
തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് - തുകകൾ വകമാറ്റി ചെലവഴിച്ചു

1) പദ്ധതി- കുടിവെള്ള വിതരണ പൈപ്പ് ലൈൻ വാർഷിക അറ്റകുറ്റ പണികൾ - 2020-21 തുക അനുവദിക്കൽ

അടങ്കൽ -83872 MG ( Non Road)

ചെലവ് -83872 MG ( Non Road)

ബിൽ നമ്പർ -22/27.10.2021
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
പദ്ധതി നിർവ്വഹിക്കുന്നതിന് എഗ്രിമെന്റ് തയ്യാറാക്കിയിട്ടില്ല.

2)പദ്ധതി-തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണികൾ

അടങ്കൽ - 800000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)
ചെലവ്-799185 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

| ബിൽ നം .തിയ്യതി | ബിൽതുക |
|---|---|
| 45/23.3.22 | 454109 |
| 44/23.3.22 | 345076 |
| ആകെ | 799185 |

പഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികളുടെ വാർഷിക അറ്റകുറ്റ പണികൾ നടത്തിപ്പിനായി 83872 രൂപയും, തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണികൾ നിർവ്വഹിക്കുവാനായി 799185 രൂപയും മെയ്ന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

ജി.ഒ(എം.എസ്)നം.330/2004/തസ്വഭവ തിയതി 09-12-2004 പ്രകാരം പുറപ്പെടുവിച്ച മെയ്ന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖയിലും തുടർ ഉത്തരവുകളിലും മെയ്ന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളുടെ പരിപാലനത്തിന് മുൻഗണന നൽകി ചെലവഴിക്കേണ്ട റോഡിതര മെയ്ന്റനൻസ് ഫണ്ട് തനത് ആസ്തികളുടെ പരിപാലനത്തിനായി ചെലവഴിച്ചത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം. 3/07.02.2023 ന് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദേശങ്ങൾ
തനത് ആസ്തികളുടെ പരിപാലനം കാലാകാലങ്ങളിൽ വരുന്ന സർക്കാർ ഉത്തരവുകളിലെ നിർദേശങ്ങൾക്ക് വിധേയമായി നിർവ്വഹിക്കേണ്ടതാണ്.
വരും വർഷങ്ങളിൽ ഈ അപാകത പരിഹരിച്ച് ചെലവുകൾ നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 മാലിന്യ സംസ്കരണ യൂണിറ്റ് സംവിധാനങ്ങൾ സ്ഥാപിക്കുവാൻ ആവിഷ്കരിച്ച പദ്ധതികൾ കരാർ കാലാവധി കഴിഞ്ഞും പൂർത്തീകരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ പൊതു ശുചിത്വം ഉറപ്പാക്കാൻ ലക്ഷ്യമാക്കി തൻവർഷം വിവിധ സ്ഥലങ്ങളിൽ മാലിന്യ സംസ്കരണ യൂണിറ്റ് സംവിധാനങ്ങൾ സ്ഥാപിക്കുവാൻ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

| ക്രമ നം | പദ്ധതികൾ | അടങ്കൽ, ഫണ്ട് | ചെലവ് |
|---|---|---|---|
| 1 | 176/22 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ മാലിന്യ സംസ്കരണ യൂണിറ്റ് | 400000 (280000 കേന്ദ്രാവിഷ്കൃത ഫണ്ട്) + 120000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 120000 ധനകാര്യ കമ്മീഷൻ അവാർഡ് |
| 2 | 177/22 എസ്സി ഹോസ്റ്റൽ വിരിഞ്ഞിപ്പാടം മാലിന്യ സംസ്കരണ യൂണിറ്റ് | 300000 90000-(ധനകാര്യ കമ്മീഷൻ അവാർഡ്) + 210000-(കേന്ദ്രാവിഷ്കൃത ഫണ്ട്) | 61500-ധനകാര്യ കമ്മീഷൻ അവാർഡ് |
| 3. | 178/22 ഉറവിട മാലിന്യ സംസ്കരണ യൂണിറ്റ് | 1200000 (360000ധനകാര്യ കമ്മീഷൻ | 216000ധനകാര്യ കമ്മീഷൻ അവാർഡ് |

| | | | |
|---|---|---|---|
| | വിദ്യാലയങ്ങൾക്കും അങ്കണവാടികൾക്കും | അവാർഡ് 840000 കേന്ദ്രാവിഷ്കൃത ഫണ്ട്) | |
| | ആകെ | 1900000 | 397500 |

ഭരണസമിതിയുടെ 17.03.22 ലെ 2/3 നമ്പർ തീരുമാനം പ്രകാരം IRTC-PIU മുണ്ടൂരിന് മേൽ പദ്ധതികളുടെ നടത്തിപ്പ് ചുമതല ഏൽപ്പിച്ചു.

IRTC PIU നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | എസ്റ്റിമേറ്റ് തുക |
|---|---|---|---|
| 1.പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ മാലിന്യ സംസ്കരണ യൂണിറ്റ് | | | |
| | 1)എയ്റോബിക്ക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ | 1 | 400000 |
| 2. എസ്.സി ഹോസ്റ്റൽ വിരിഞ്ഞിപ്പാടം | | | |
| | 1)Athithapana Choola(20kg/hr Capacity) | 1 | 135000 |
| | 2) 4 Cum ബയോ ഗ്യാസ് പ്ലാന്റ് (പോർട്ടബിൾ) | 1 | 70000 |
| 3. മാലിന്യ സംസ്കരണ യൂണിറ്റ് വിദ്യാലയങ്ങൾക്കും അങ്കണവാടികൾക്കും | | | |
| | 1)ബയോ ഗ്യാസ് പ്ലാന്റ് 100kg/day In Muslim High School | 1 | 600000 |
| | 2)എയ്റോറിംഗ് കമ്പോസ്റ്റ് ( എൽ പി സ്കൂൾ) | 3 @7000 | 21000 |
| | 3)പ്ലാസ്റ്റിക്ക് വേയ്സ്റ്റുകളുടെ കളക്ഷൻ ബിൻ (എൽ പി സ്കൂൾ) | 3(1 Unit/ Each School) @20400 | 61200 |
| | 4) അങ്കണവാടികളിൽ ബയോബിൻ | 17 | 30600 |
| | 5) ട്രാൻസ്പോർട്ടേഷൻ & | | 7200 |

| | | | |
|---|---|---|---|
| | ഇൻസ്റ്റലേഷൻ ചാർജ് | | |
| | | ആകെ | 1325000 |

2021-22 വർഷാവസാനം വരെ ടി പദ്ധതികൾ നടത്തിപ്പിന് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് | സി.എഫ്. സി (Tied Grant) | ബിൽ നമ്പർ/ തീയതി |
|---|---|---|
| പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ മാലിന്യ സംസ്കരണ യൂണിറ്റ് | 120000 | 256/30.03.2022 |
| എസ്.സി ഹോസ്റ്റൽ വിരിഞ്ഞിപ്പാടം മാലിന്യ സംസ്കരണ യൂണിറ്റ് | 61500 | 257/30.03.2022 |
| മാലിന്യ സംസ്കരണ യൂണിറ്റ് വിദ്യാലയങ്ങൾക്കും അങ്കണവാടികൾക്കും | 216000 | 258/30.03.2022 |
| ആകെ | 397500 | |

ടി പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തുകയുടെ 30% തുക (397500) 30.03.2022 ൽ അഡ്വാൻസിനത്തിൽ നൽകിയിട്ടുണ്ട്.

പഞ്ചായത്ത് സെക്രട്ടറിയും, IRTC PIU യൂണിറ്റ് സെക്രട്ടറിയും തമ്മിൽ ഒപ്പുവച്ച 54/26.03.2022 നമ്പർ ധാരണാപത്രത്തിൽ അഡ്വാൻസ് തുക കൈപ്പറ്റിയ തീയതി മുതൽ പരമാവധി 6 മാസത്തെ സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന വ്യവസ്ഥയുണ്ട്.

അഡ്വാൻസ് കൈപ്പറ്റിയ ശേഷം പദ്ധതി പൂർത്തീകരണ കാലാവധിയായ ആറ് മാസം പിന്നിട്ടെങ്കിലും പദ്ധതി പൂർത്തീകരിച്ചിട്ടില്ല. നിലവിലെ സ്ഥിതി വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ1 7/10.2.2023 നം. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.
പ്രവൃത്തി നിർവ്വഹണം കൃത്യമായി മോണിറ്റർ ചെയ്ത് പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

## 1-20 ഹരിത കർമ്മസേന പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

മാലിന്യത്തെ വരുമാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന 2019 നവംബറിൽ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തന വിവരങ്ങൾ താഴെ ചേർക്കുന്നു.

ആദ്യ ഘട്ടത്തിൽ 11 പേരും നിലവിൽ 26 പേരും അംഗങ്ങളായിട്ടുണ്ട്.

വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്.

യൂസർഫീ ഈടാക്കൽ

ഗ്രാമപഞ്ചായത്തിൽ ആകെ 13 വാർഡുകളുണ്ട്. യൂസർഫീ ആയി വീടുകളിൽ നിന്ന് 50 രൂപയും കടകളിൽ നിന്ന് 100 രൂപയുമാണ് ഈടാക്കുന്നത്. ഗ്രാമപഞ്ചായത്തിലെ വീടുകളുടെ എണ്ണം ഏകദേശം 6500ഉം വാണിജ്യസ്ഥാപനങ്ങളുടെ എണ്ണം 217ഉം ആണ്.

എം.സി.എഫ് സജ്ജീകരണങ്ങൾ

ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിച്ച മാലിന്യങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ പുറകിലുള്ള താൽക്കാലിക എം.സി.എഫിലാണ് നിക്ഷേപിക്കുന്നത്.

പഞ്ചായത്തിൽ 2019 നവംബർ മാസത്തിൽ താൽക്കാലിക എം.സി.എഫ് തുടങ്ങിയിട്ടുണ്ടെങ്കിലും ആയതിന്റെ പണി പൂർത്തീകരിക്കുകയോ കുടിവെള്ളം, ശുചിമുറി സൗകര്യങ്ങൾ ഒരുക്കുകയോ ചെയ്തിട്ടില്ല. അഗ്നിശമന സേനയുടെ മാനദണ്ഡങ്ങൾ പ്രകാരമുള്ള സുരക്ഷാ സജ്ജീകരണങ്ങൾ ഒരുക്കുന്നതോടൊപ്പം സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ഹരിത കർമ്മസേന യ്ക്ക് സുരക്ഷാ സാമഗ്രികൾ വാങ്ങൽ

26 അംഗങ്ങളുള്ള ഹരിത കർമ്മസേനയാണ് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച ഹരിതകർമ്മ സേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം (നം. 87/22) 66800 രൂപ ചെലവഴിച്ച് (വികസനഫണ്ട്-ധനകാര്യകമ്മീഷൻ അവാർഡ്) 26 അംഗങ്ങൾക്ക് യൂണിഫോം, മാസ്ക് , സാനിറ്റൈസർ, മറ്റ് ഉപകരണങ്ങൾ തുടങ്ങിയവ ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്.

മാലിന്യ നീക്കത്തിനായി വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നുണ്ടെങ്കിലും സേനാ അംഗങ്ങളുടെ യൂസർഫീ പിരിവിൽ കാര്യക്ഷമമായ പുരോഗതിയില്ലാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്.

മാലിന്യ നീക്കത്തിനായി വാർഡ് തലത്തിൽ എംസിഎഫുകൾ നിർമിച്ചിട്ടില്ല. ആയതിനാൽ മാലിന്യം ശേഖരിച്ച് പഞ്ചായത്തിലുള്ള എം സി എഫിൽ എത്തിക്കുന്നത് ഫലപ്രദമായി നടക്കാത്ത അവസ്ഥയാണ്.ഏതാനും ആളുകൾ ഇപ്പോഴും കൃത്യമായി യൂസർഫീ നൽകാത്തതായി സേനാംഗങ്ങൾ അറിയിച്ചു. കൃത്യമായി പിരിക്കാൻ കഴിഞ്ഞാൽ വീടുകളുടെയും കടകളുടെയും എണ്ണത്തിനാനുപാതികമായി ശരാശരി 340000 രൂപ വരെ ഹരിതകർമ്മസേനക്ക് പ്രതിമാസ വരുമാനം ലഭിക്കേണ്ടതാണ്. എന്നാൽ ജനുവരി 2022 ൽ ആകെ 20940 രൂപ മാത്രമാണ് ഹരിതകർമ്മസേനയുടെ വരുമാനം. യൂസർഫീ അപര്യാപ്തമാവുന്ന സാഹചര്യങ്ങളിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. യൂസർഫീ നൽകാത്തവരുടെ പേരു വിവരം ഗ്രാമപഞ്ചായത്തിൽ അറിയിക്കുന്നുണ്ട്. യൂസർ ഫീ കളക്ഷൻ കൃത്യമായി കേരള ഗ്രാമീൺ ബാങ്കിൽ അടവാക്കുന്നുണ്ട്.

മാലിന്യ നീക്കത്തിനും തുടർ പ്രവർത്തനങ്ങൾക്കുമായി വൻതുക ചെലവഴിക്കേണ്ട സാഹചര്യം നില നിൽക്കുന്നതിനാൽ യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

ഹരിത കർമ്മസേനകൾക്കുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് (വി.ജി.എഫ്)

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വയബിലിറ്റി ഗ്യാപ് ഫണ്ട് എന്ന പ്രൊജക്ട് പ്രകാരം (നം. 84/22) 146700 രൂപ (വികസനഫണ്ട്-ധനകാര്യകമ്മീഷൻ അവാർഡ്) ഹരിതകർമ്മസേനയ്ക്ക് നൽകിയിട്ടുണ്ട്.

ഹരിതസഹായ സ്ഥാപനത്തിന്റെ പ്രവർത്തനം

15-07-2017 ലെ സ.ഉ(സാധാ)നം.2420/2018/തസ്വഭവ തിയതി ഉത്തരവ് പ്രകാരം ഹരിതസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ മുണ്ടൂർ ഐ.ആർ.ടി.സിയെ ഹരിത സഹായ സ്ഥാപനമായി ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്തിട്ടുണ്ട്. ആയത് പ്രകാരം വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഐ.ആർ.ടി.സി ക്ക് മുൻകൂറായി 397500 രൂപ അനുവദിച്ചിട്ടുണ്ട്.

പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ പിരിച്ചെടുത്ത് ശുദ്ധീകരിച്ച് ക്ലീൻ കേരളയ്ക്ക് കൈമാറാൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 50000 രൂപ സിഎഫ്സി വകയിരുത്തി പദ്ധതി ആവിഷ്കരിച്ചുവെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല.

എം.സി.എഫിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനും പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കുവാൻ

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/10.02.23) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഹരിതകർമ്മസേനക്ക് ലഭിക്കേണ്ടതായ യൂസർഫീ കൃത്യമായി ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.
- ഹരിതസംരംഭകർക്ക് ആവശ്യമായ വൈദഗ്ധ്യ പരിശീലനം നൽകി സംരംഭക പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.
- എം.സി.എഫിൽ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. എല്ലാ വാർഡുകളിലും മിനി എം.സി.എഫുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
  - ഹരിത കർമ്മസേനയുടെ പ്രവർത്തനം ഗ്രാമപഞ്ചായത്ത് നിരന്തരം മോണിറ്റർ ചെയ്യേണ്ടതും കർമ്മസേനയുടെ തൊഴിൽ മാന്യത ഉറപ്പു വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 എസ്.എസ്.എ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്.എസ്.എ വിഹിതം നൽകൽ പദ്ധതിക്കായി ജില്ലാ പ്രൊജക്ട് ഓഫീസറുടെ കനറാ ബാങ്ക് അക്കൌണ്ടായ 0812101063416 ൽ വികസന ഫണ്ട് ജനറലിൽ നിന്നും 7,20, 012 രൂപ നൽകിയിട്ടുണ്ട്.

| പ്രൊജക്ട് നം. | ബിൽ നം., തിയ്യതി | ബിൽ തുക | പ്രൊജക്ട് അടങ്കൽ | ചെലവ് |
|---|---|---|---|---|
| 3/22-SSA വിഹിതം അക്കൌണ്ട് നം. 0812101063416 | 10/ 12.07.21 | 720012/- | 720012/- വികസന ഫണ്ട്(ജനറൽ) | 720012/- വികസന ഫണ്ട്(ജനറൽ) |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം. 2/07.02.2023 ന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി വിവിധ പ്രദേശങ്ങളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കാൻ പോസ്റ്റ് സ്ഥാപിക്കുന്നതിനായി KSEB യിൽ നിന്ന് എസ്റ്റിമേറ്റ് ലഭ്യമാക്കി തുക കെ.എസ്.ഇ.ബിക്ക് കൈമാറിയിട്ടുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, പുതുനഗരം ഇലക്ട്രിക്കൽ സെക്ഷനിലേക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി 21.03.22 ൽ സെക്രട്ടറിയും, അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബിയും തമ്മിൽ കരാർ ഒപ്പുവച്ച് താഴെ പറയുന്ന തുകകൾ കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം. | പ്രൊജക്ട് | ചെലവ് | വൗച്ചർ നം. , | കരാർ |
|---|---|---|---|---|

| | അടങ്കൽ | തുക | തിയ്യതി | നമ്പർ |
|---|---|---|---|---|
| 78/22 | 669000 (ധനകാര്യ കമ്മീഷൻ അവാർഡ്) + 1297(തനത് ഫണ്ട്) | 670297 (ധനകാര്യ കമ്മീഷൻ അവാർഡ്) | 22100895/222 /03/22 ധനകാര്യ കമ്മീഷൻ അവാർഡ് 22100898/23.03.22 തനത് ഫണ്ട് | 53/21.03.22 |
| 190/22വടക്കേ വിരിഞ്ഞപ്പാടം എസ്സി കേളനി സ്ട്രീറ്റ് ലൈൻ വലിക്കൽ - ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിക്കൽ - വാർഡ് 6 | 78080 ധനകാര്യ കമ്മീഷൻ അവാർഡ് | 73373 ധനകാര്യ കമ്മീഷൻ അവാർഡ് | 22100894/22 /03/22 | 52/21.03.22 |

കരാറിൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്ന തീയതിയോ പൂർത്തീകരിക്കേണ്ട തീയതിയോ രേഖപ്പെടുത്തിയിട്ടില്ല.

നാളിതുവരെയും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/10.02.2023 ന് മറുപടി ലഭ്യമാക്കിയില്ല. പുതുനഗരം കെ.എസ്.ഇ.ബി.യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 നിർവഹണ ഉദ്യോഗസ്ഥൻ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

പ്രൊജക്റ്റ് നമ്പർ -21/22 – ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, ജനറൽ

അടങ്കൽ-1,50,000/-(വികസന ഫണ്ട് )

ഡയറി ഫാം ഇൻസ്പക്ടർ നിർവഹണ ഉദ്യാഗസ്ഥനായ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതിക്കായി 1,50,000രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കുകയോ തുക ചെലവഴിക്കുകയോ ചെയ്തതായി കാണുന്നില്ല. പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/13.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.
അതാത് മേഖലകളിൽ വിവിധ പദ്ധതികൾക്ക് വകയിരുത്തുന്ന തുകകൾ ഫണ്ടുകളുടെ ലഭ്യതക്കനുസരിച്ച് ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ സമയബന്ധിതമായി ചെലവഴിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-24 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ പദ്ധതി

പ്രൊജക്റ്റ് നമ്പർ -94/22, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, ജനറൽ(സ്പിൽ ഓവർ)

അടങ്കൽ-1,51,000/-(വികസന ഫണ്ട് )

ചെലവ്-1,51,000/-

നിർവഹണ ഉദ്യാഗസ്ഥൻ- ഡയറി എക്സ്റ്റൻഷൻ ഓഫീസർ

ബിൽ നമ്പർ,തീയതി-1/24.09.2021

ബിൽ തുക-1,51,000/-

മേൽ പദ്ധതിയുടെ ഭാഗമായി കരിപ്പോട് ക്ഷീര സഹകരണ സംഘത്തിലെ 29 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്. എന്നാൽ പാലളവ് സ്റ്റേറ്റ്മെന്റോ തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട രേഖകളോ ഓഡിറ്റ് സമയത്ത് ഹാജരാക്കിയിട്ടില്ലാത്തതിനാൽ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് 13.02.2023 തീയതിയിൽ ഓഡിറ്റ് അന്വേഷണം (നമ്പർ-28) നൽകിയിരുന്നു. എന്നാൽ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കുകയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുകയായ 1,51,000/-രൂപ തടസ്സപ്പെടുത്തുന്നു.

1-25 PMAY-പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | 48/22, PMAY-പഞ്ചായത്ത് വിഹിതം |
| അടങ്കൽ | 140000 (വികസനഫണ്ട്-പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ചെലവ് | 140000 |
| ബിൽ നം./തീയതി | 2/21-22/10.08.21 |

പി എം എ വൈ ഭവനനിർമ്മാണത്തിനുള്ള പഞ്ചായത്ത് വിഹിതമായി 140000രൂപ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ വിശദാംശം, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ (നം. 9/09.02.23)ത്തിന് വിനിയോഗ വിവരം ലഭ്യമാക്കുവാൻ ബ്ലോക്ക് പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-26 ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

ലൈഫ് ഭവന പദ്ധതി- പൊതുവിഭാഗത്തിലെ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| പേര്, മേൽവിലാസം | കൈപ്പറ്റിയ തുക | തീയതി |
|---|---|---|
| അഷറഫ് അലി, ഈശ്വരവട്ടാരം, പുതുനഗരം | 40000 | 16.10.18 |
| കദീജ W/O മുസ്തഫ, പെരുന്തേനി തെരുവ്, പുതുനഗരം | 40000 | 11.10.19 |

ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അന്വേഷിച്ചതിന് (ഓഡിറ്റ് അന്വേഷണം നം. 09/09.02.23)

Rebuild Kerala യിൽ ഉൾപ്പെട്ട് ഭവനനിർമ്മാണത്തിന് ധനസഹായം ലഭ്യമായതിനെ തുടർന്ന് ശ്രീ അഷറഫ് അലിയോട് ലൈഫ് പദ്ധതി പ്രകാരം നൽകിയ തുക തിരിച്ചടക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും പിന്നീട് അനർഹയാണെന്ന് കണ്ടെത്തി ഒഴിവാക്കിയതിനാൽ ശ്രീമതി ഖദീജയിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
തുക തിരികെ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-26-1 ലൈഫ് ഭവന പദ്ധതി (എസ് സി) ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ലൈഫ് ഭവന പദ്ധതിയിലെ (എസ് സി) താഴെപ്പറയുന്ന ഗുണഭോക്താവ് നാളിതുവരെയും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| പേര്, മേൽവിലാസം | കൈപ്പറ്റിയ തുക | തീയതി |
|---|---|---|
| സത്യഭാമ കൃഷ്ണൻ, തച്ചംകോട്, പുതുനഗരം | 40000, 16000 | 31.12.21, 26.03.22 |

ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്റ്റേജ്, നിർമ്മാണം പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണം നം. 09/09.02.23-ന് ഒന്നാം ഗഡു കൈപ്പറ്റി നാളിതുവരെയും ഭവനനിർമ്മാണം ആരംഭിക്കാത്തതിനാൽ തുക തിരികെ ഈടാക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. തുക തിരികെ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-27 പാലിയേറ്റിവ് കെയർ - മാർഗ്ഗരേഖ പ്രകാരമുള്ള ഉത്തരവുകൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | 15/22, പാലിയേറ്റീവ് കെയർ |
| അടങ്കൽ | 800000 (450000-വികസനഫണ്ട്-പൊതുവിഭാഗം, 350000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | 786794 (436794-വികസനഫണ്ട്-പൊതുവിഭാഗം, 350000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ -പി എച്ച് സി |

14.02.2018 ലെ സ.ഉ(കൈ)നം. 22/2018/തസ്വഭവ പ്രകാരമുള്ള സബ്സിഡി-ധനസഹായ അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.5.4പ്രകാരം (അടിയന്തിര ഘട്ടങ്ങളിലെ മരുന്നുവാങ്ങൽ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമായില്ലെങ്കിൽ ബന്ധപ്പെട്ട ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന് കാരുണ്യ/നീതി/ജൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ടി മാത്രം മരുന്ന് വാങ്ങാവുന്നതാണ്. മേൽ പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങിയിരിക്കുന്നത് കഞ്ചിക്കോട് സർവീസ് കോപ്പറേറ്റീവ് ബാങ്കിന്റെ നീതി മെഡിക്കൽ സ്റ്റോറിൽ നിന്നുമാണ്. (ഇൻവോയ്സ് നമ്പറുകൾ-NMS 76459/19.03.22-50000/-, NMS 73838/08.03.22-300000) രേഖകൾ പരിശോധിച്ചതിൽ മരുന്ന വാങ്ങലിന് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശ ലഭിച്ചിട്ടില്ല. സർക്കാർ നിർദ്ദേശ പ്രകാരം ശുപാർശ ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/13.02.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

2) പാലിയേറ്റീവ് കെയർ ഗൃഹസന്ദർശനത്തിനായി വാഹനം വാടകയിനത്തിൽ ദിവസവാടക 1000രൂപ നിരക്കിൽ ആകെ 160000 രൂപ ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ (സാധാ) നം. 3217/2015/ ത സ്വ ഭ വ തീയതി 29.10.15 ഖണ്ഡിക 2.6.5.(3) പ്രകാരം വാഹനം ദിവസവാടകയ്ക്ക് എടുക്കുന്ന സാഹചര്യങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥൻ ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്യുന്ന വാഹനമായിരിക്കണം വാടകയ്ക്ക് എടുക്കേണ്ടത്. ക്വട്ടേഷൻ പി എം സി അംഗീകരിക്കേണ്ടതുമാണ്. വാഹന വാടകയ്ക്കായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/13.02.23) മറുപടി ലഭ്യമാക്കിയില്ല.

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

### 1-28 അമൃതം ന്യൂട്രിമിക്സ് വിതരണത്തിന്റെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് ചെയ്തില്ല

ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ അങ്കണവാടി പോഷകാഹാരം പ്രൊജക്ടിനായി അമൃതം ന്യൂട്രിമിക്സ് വാങ്ങിയിരിക്കുന്നത് അനുഗ്രഹ & ലക്ഷ്മി കുടുംബശ്രീ യൂണിറ്റ് പെരുവെമ്പ്- ൽ നിന്നുമാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 8/22- അങ്കണവാടി പോഷകാഹാരം(ജനറൽ) | 2420263 (700000-വികസന ഫണ്ട് ജനറൽ + 1720263-കേന്ദ്രാവിഷ്കൃത ഫണ്ട്) | 2274668 (663440-വികസന ഫണ്ട് ജനറൽ + 1611228 - കേന്ദ്രാവിഷ്കൃത ഫണ്ട് ) |
| 9/22-അങ്കണവാടി പോഷകാഹാരം(എസ്.സി) | 700000-വികസന ഫണ്ട് SCP | 696848-വികസന ഫണ്ട് SCP |
| 150/22 അങ്കണവാടി പോഷകാഹാരം | 170924 – വികസന ഫണ്ട് TSP | 170034-വികസന ഫണ്ട് TSP |
| 196/22 അങ്കണവാടി പോഷകാഹാരം | 180160-ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 179667-ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

ന്യൂട്രിമിക്സ് വിതരണം ചെയ്ത വകയിൽ താഴെ പറയും പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക |
|---|---|---|
| 1 | 1331/08.02.22 | 64260 |
| 2 | 1247/22.10.21 | 59430 |
| 4 | 1267/11.11.21 | 65100 |
| 5 | 1140/23.02.21 | 16275 |
| 6 | 1226/15.09.21 | 16870 |
| 7 | 1248/22.10.21 | 13860 |
| 8 | 1287/08.12.21 | 65940 |
| 9 | 1332/8.02.22 | 14910 |
| 10 | 1369/10.03.22 | 14910 |
| 11 | 1368/10.03.22 | 63420 |
| 12 | 1315/12.01.22 | 15925 |
| 13 | 1141/23.02.21 | 70315 |
| 14 | 1202/14.07.21 | 74655 |
| 15 | 1154/18.03.21 | 68425 |

| | | |
|---|---|---|
| 16 | 1163/21.04.21 | 65800 |
| 17 | 1176/29.05.21 | 58940 |
| 18 | 1191/18.06.21 | 76405 |

സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്.

എന്നാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ ടി.ഡി.എസ് നടത്താതെ 5% ജി.എസ്.ടി ഉൾപ്പെടെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ബില്ലുകളിൽ നിന്നും ടി.ഡി.എസ് നടത്താതിരുന്നത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (18/10.02.23) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

മേൽപ്പറഞ്ഞ ബില്ലുകളിൽ ജി എസ് ടി കുറവാക്കാതെ മുഴുവൻ തുകയും നൽകിയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. സി.ജി.എസ്.ടി/എസ്.ജി.എസ്.ടി ആക്ട്- വകുപ്പ് 122(1)(v) പ്രകാരം സ്രോതസ്സിൽ നിന്നും നികുതി കുറവു ചെയ്യുന്നതിലോ കുറവു ചെയ്ത നികുതി സർക്കാരിലേക്ക് ഒടുക്കുന്നതിലോ വീഴ്ച വരുത്തിയാൽ പിഴ ഒടുക്കേണ്ടി വരുമെന്നതിനാൽ കരാർ തുക 2.50 ലക്ഷത്തിനു മുകളിലുള്ള വാങ്ങലുകളിൽ ജി.എസ്.ടി ടി.ഡി.എസ് നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-29 പഠനമുറി -വിശദവിവരങ്ങൾ/രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് | 58/22, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി അനുവദിക്കൽ |
| അടങ്കൽ | 400000 (വികസനഫണ്ട്-എസ് സി പി) |
| ചെലവ് | 230000 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നം./തീയതി | 1/05.02.22-100000, 9/25.03.22-130000 |

16.08.21-ലെ 2/2 നം. തീരുമാന പ്രകാരം പ്രൊജക്ടിലുൾപ്പെടുത്തി രണ്ടുപേരെ ഗുണഭോക്താക്കളായി തിരഞ്ഞെടുക്കുകയും താഴെചേർക്കും പ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| പേര്, മേൽവിലാസം | കൈമാറിയ തുക/തീയതി |
|---|---|
| അർച്ചന കെ, C/o.കെ വസന്തകുമാരി, തമ്പാൻകുളമ്പ്, പുതുനഗരം | 50000/05.02.22, 100000/25.03.22 |
| ശരത്ത് രാധാകൃഷ്ണൻ, ആഞ്ചുർക്കളം | 50000/05.02.22, 30000/25.03.22 |

പ്രൊജക്ടുമായി ബന്ധപ്പെട്ട് താഴെചേർക്കുന്ന രേഖകൾ/വിശദീകരണം ഓഡിറ്റ് അന്വേഷണം (21/13.02.23) മുഖേന ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. നിലവിൽ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിശദാംശം.

2. സ.ഉ(കൈ)നം.22/18/തസ്വഭവ തിയതി 14-2-2018 ലെ സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ ഖ.7.2.17, സ.ഉ.(സാധാ) നം. 2636/2018/തസ്വഭവ തീയതി 15.10.2018 എന്നിവ പ്രകാരം നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികമാകാത്ത വീടിനോട് ചേർന്ന് 120 ചതുരശ്ര അടിയിൽ അധികമാകാതെ പഠനമുറി നിർമ്മിക്കാവുന്നതാണ്. വിദ്യാർത്ഥികളുടെ നിലവിലുള്ള വാസയോഗ്യമായ വീടിന്റെ വിസ്തീർണ്ണം സർക്കാർ ഉത്തരവിലെ നിബന്ധന പാലിക്കുന്നുണ്ടെന്നുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

3. വകുപ്പിൽ നിന്നോ മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നോ ഇതേ ആവശ്യത്തിനായി ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം അർച്ചന കെ, C/o.കെ. വസന്തകുമാരി, തമ്പാൻകുളമ്പ്, പുതുനഗരം എന്ന ഗുണഭോക്താവ് ലഭ്യമാക്കിയിട്ടില്ല.

4. 100രൂപയുടെ മുദ്രപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും യാതൊരു രേഖപ്പെടുത്തലും മുദ്രപത്രത്തിലില്ല.

പ്രൊജക്ട് നടത്തിപ്പിൽ പദ്ധതി മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ, സർക്കാർ ഉത്തരവുകൾ എന്നിവ പാലിക്കേണ്ടതും സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുകയും പ്രൊജക്ട് ലക്ഷ്യപ്രാപ്തിയിലെത്തിയെന്നും നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതുമാണ്. മേൽപരാമർശിച്ച വിഷയങ്ങളിൽ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-30 വാങ്ങലിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

1) പ്രോജക്ട് - 14/22 , വയോജനങ്ങൾക്ക് കട്ടിൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 290100 ( വികസന ഫണ്ട് എസ് സി പി)

ചെലവ് - 243544

ബിൽ നം. - 4/10-02-22 -184300, 8/16-03-22 – 33150, 11/30-03-22 – 26094

മേൽ പറഞ്ഞ പ്രോജക്ട് പ്രകാരം 56 കട്ടിലുകൾ ARTCO LTD, പാലക്കാട് -ൽ നിന്നും ക്യാഷ് ബിൽ നം. 175/31-12-21 പ്രകാരം 50 എണ്ണവും 98/26.03.22 പ്രകാരം 6 എണ്ണവും നേരിട്ട് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

ഒരു കട്ടിലിന് 4349 രൂപ നിരക്കിലാണ് ഉപകരണം വാങ്ങിയിട്ടുള്ളത്. സ്ഥാപനത്തിന്റെ ബിൽ പ്രകാരം കട്ടിലുകളുടെ ആകെ തുകയിൽ നിന്നും ജി.എസ്.ടി, ടി.ഡി.എസ് നടത്തിയതിനു ശേഷമുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ARTCO യുടെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള 4349 രൂപ ഭരണസമിതി 31-08-21 ലെ 7(1) നം. തീരുമാനപ്രകാരം അംഗീകരിക്കുകയും സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് സപ്ലൈ ഓർഡർ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഒരു കട്ടിലിന് 4350 രൂപ എന്നത് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ പരമാവധി നിരക്കാണ് . പ്രസ്തുത നിരക്കിൽ നിന്നും കുറഞ്ഞ നിരക്കിൽ കട്ടിലുകൾ ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടില്ല.

2) പ്രോജക്ട് - 41/22 , വിദ്യാർത്ഥികൾക്ക് പഠനോപകരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 305100 ( വികസന ഫണ്ട് എസ് സി പി)

ചെലവ് - 303780

ബിൽ നം./തീയതി - 5/10-02-22 -240540, 7/16-03-22 – 43320, 10/30-03-22 – 19920

മേൽ പറഞ്ഞ പ്രോജക്ട് പ്രകാരം 61 മേശയും കസേരയും ARTCO LTD, പാലക്കാട് -ൽ നിന്നും നേരിട്ട് (ക്യാഷ് ബിൽ നം. -179/3-1-22 – 57 എണ്ണം, 597/26.03.22-4 എണ്ണം) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

4980 രൂപ നിരക്കിലാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ഉപകരണങ്ങളുടെ ആകെ തുകയിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയതിനു ശേഷമുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ARTCO യിൽ

നിന്നുമുള്ള വാങ്ങൽ ഭരണസമിതി 31-08-21 ലെ 7(2) നം. തീരുമാനപ്രകാരം അംഗീകരിക്കുകയും സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് സപ്ലൈ ഓർഡർ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

പ്രൊജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമാണോ എന്ന് പരിശോധിച്ച് ഇല്ലെങ്കിൽ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമല്ല എന്ന് രേഖപ്പെടുത്തിയതായി കാണുന്നില്ല.

2. ജി.ഒ(ആർടി)നം. 1/2021/SPD തിയതി 05.02.21 പ്രകാരം ARTCO-യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട ഫർണിച്ചറുകൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാവുന്നതാണ്. ജി.ഒ(ആർടി)നം. 4/2018/SPD തിയതി 02.02.2018 പ്രകാരമുള്ള സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവിൽ ARTCO നിർമ്മിച്ച് വിതരണം ചെയ്യുന്ന ഫർണിച്ചറുകളുടെ പ്രൈസ് ലിസ്റ്റിൽ ഗ്രാമപഞ്ചായത്ത് മേൽ പ്രൊജക്ടുകൾ പ്രകാരം ആവശ്യപ്പെട്ട സ്പെസിഫിക്കേഷനിലുള്ളവ ഉൾപ്പെടുന്നില്ല. ഇപ്രകാരം പട്ടികയിൽ ഉൾപ്പെടാത്ത ഫർണിച്ചറുകൾ സ്റ്റോർ പർച്ചേയ്സ് റൂൾസ് പാലിച്ച് ടെണ്ടർ നടപടികളിലൂടെ വാങ്ങലുകൾ നടത്തേണ്ടതും ആയതിൽ ARTCO- വിനും പങ്കെടുക്കാവുന്നതുമാണ്.

മേൽപരാമർശിച്ച സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ഫർണിച്ചറുകൾ ARTCO യിൽ നിന്നും നേരിട്ട് വാങ്ങുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/13.02.23) മറുപടി ലഭ്യമാക്കിയില്ല. പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടതുമാണ്.

## 1-31 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 74 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 37 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ഇതിൽ 17എണ്ണം സ്പിൽ ഓവർ പ്രവൃത്തികളും 20എണ്ണം പുതിയ പ്രവൃത്തികളുമാണ്. ₹17272684 വകയിരുത്തിയതിൽ ₹5269574 ആണ് ചെലവഴിച്ചിട്ടുള്ളത്. 31% ആണ് തൻവർഷത്തെ ആകെ ചെലവ്. തൻവർഷം നടപ്പിലാക്കാത്ത37പ്രവൃത്തികളിൽ 28 പ്രവൃത്തികൾ അടുത്ത വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്.

വിവിധ ഫണ്ടുകൾ തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (സാധാരണ വിഹിതം) | 422000 | 348967 | 83 |
| പൊതുവിഭാഗം (എസ്.സി.പി) | 1877900 | 819312 | 44 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8076225 | 1598833 | 20 |
| കേന്ദ്രാവിഷ്കൃത | 1405000 | 0 | 0 |

| | | | |
|---|---|---|---|
| ഫണ്ട് | | | |
| തനതു ഫണ്ട് | 118035 | 12964 | 11 |
| മെയ്റ്റനൻസ് ഫണ്ട്(റോഡ്) | 3508000 | 1927211 | 55 |
| മെയ്റ്റനൻസ് ഫണ്ട് (നോൺ-റോഡ്) | 1865524 | 562287 | 31 |
| ആകെ | 17272684 | 5269574 | 31 |

തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയ്റ്റനൻസ് ഫണ്ട് (നോൺ-റോഡ്) എന്നിവ ചെലവഴിക്കുന്നതിൽ ലക്ഷ്യം കൈവരിച്ചിട്ടില്ല.

ആസ്തി വിവരങ്ങൾ കാലികമാക്കൽ

തൻ വർഷം റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊജക്റ്റ് രൂപീകരിച്ചിട്ടുണ്ടെങ്കിലും ആയത് സ്പിൽ ഓവറായി അടുത്ത വർഷമാണ് നിർവ്വഹിച്ചിട്ടുള്ളത്. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ്ങ് &എൻവയോൺമെന്റ് സെന്ററിന്റെ മേൽനോട്ടത്തിൽ R-Tracking മുഖേന വിശദാംശങ്ങൾ ശേഖരിച്ച് വരുന്നുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് അന്വേഷണത്തിന് (നം-8/9.02.23) മറുപടി സമർപ്പിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. കൈമാറിക്കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ ആവശ്യകത അനുസരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിനുശേഷം ആസ്തി സംരക്ഷണ പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

2. പദ്ധതി നിർവ്വഹണത്തിന് ലഭ്യമാവുന്ന വിവിധ ഫണ്ടുകൾ ലാപ്സാവാതെ സമയബന്ധിതമായി ചെലവഴിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3. പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

1-32 കെട്ടിടങ്ങളുടെ വിനിയോഗം തുടർ മോണിട്ടറിങ്ങ് നടത്തേണ്ടതാണ്

സാമ്പത്തിക വർഷം അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികൾ പ്രകാരമുള്ള കെട്ടിടങ്ങളുടെ നിലവിലെ വിനിയോഗം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 13/10.03.23) താഴെ പറയും പ്രകാരം മറുപടി സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് നം | പ്രൊജക്ട് | അടങ്കൽ | ചെലവ് | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | 124/22 | പിലാത്തുർ വാട്ടർടാങ്കിനു താഴെ കടമുറികൾ നിർമ്മാണം | 150000-പ്ലാൻ (ജനറൽ) | 147114 | 16.01.23ന് കടമുറികൾ ലേലം വിളിച്ചിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| 2 | 211/22 | വനിതാ തൊഴിൽശാല നിർമ്മാണം | 305640 (സി.എഫ്.സി) | 305640 | രണ്ട് കുടുംബശ്രീ യൂണിറ്റുകളുടെ ഉപയോഗത്തിനായി കൈമാറിയിട്ടുണ്ട്. |

മേൽ കെട്ടിടങ്ങളുടെ വിനിയോഗം തുടർ മോണിട്ടറിങ്ങ് നടത്തുന്നതിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-33 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിൽ അപാകങ്ങൾ നിലനിൽക്കുന്നു

3.09.2020-ലെ സ.ഉ(എം.എസ്)നം.97/2020/ധന പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും സംബന്ധിച്ച് ക്രോഡീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖേന ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. വിതരണം ചെയ്യാത്തതോ അനർഹമായി കൈപ്പറ്റുന്നതോ ആയ തുക തിരിച്ചുപിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 0011023000269 നമ്പർ അക്കൗണ്ടിലേക്ക് (IFSC KSBK0000101) തിരിച്ചടയ്ക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന്റെയും സേവന പെൻഷൻ ഡാറ്റാബേസിന്റെയും കൃത്യത പരിശോധിക്കുന്നതിനായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ്, ഡി.ബി.റ്റി റിപ്പോർട്ടുകൾ എന്നിവയും 2020, 2021 വർഷങ്ങളിലെ മരണ രജിസ്റ്ററുകളും അനുബന്ധഫയലുകളും പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

1.ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് ഓരോ മാസവും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നില്ല

2022 നവംബർ മാസത്തിലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് പ്രകാരം 130 ഗുണഭോക്താക്കൾ വിവിധ കാരണങ്ങളാൽ പെൻഷൻ കൈപ്പറ്റിയിട്ടില്ല. ഇതിലുൾപ്പെട്ട ഏതാനും ഗുണഭോക്താക്കളുടെ പെൻഷണർ ഐ.ഡി ഉപയോഗിച്ച് ഇവരുടെ ഡി.ബി.റ്റി റിപ്പോർട്ടുകൾ പരിശോധിച്ചതിൽ നിന്നും മാസങ്ങളായി പെൻഷൻ തുക ഇവർക്ക് കൈമാറാൻ കഴിയാത്ത സാഹചര്യം നില നിൽക്കുന്നതായി കണ്ടെത്തി. ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആയി തുടരുന്നുണ്ടെങ്കിലും മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ പുനർവിവാഹിതയല്ല സർട്ടിഫിക്കറ്റ് സമർപ്പിക്കുകയോ ചെയ്യിട്ടില്ല തുടങ്ങിയ വിവിധ കാരണങ്ങളാൽ മാസങ്ങളായി ഇവർക്ക് പെൻഷൻ കൈമാറിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഡി.ബി.റ്റി റിപ്പോർട്ട് പ്രകാരം അവസാനം തുക കൈമാറിയ മാസം |
|---|---|---|---|
| 1 | ഹിദായത്തുന്നീസ, (വിധവാ പെൻഷൻ) | 108690600082 | ആഗസ്റ്റ് 2019 (സെപ്തംബർ 19 മുതൽ തടഞ്ഞുവെച്ചിരിക്കുന്നു) |
| 2 | സൈയ്യുൺബീവി (വിധവാ പെൻഷൻ) | 108690600378 | നവംബർ 2018 (12/18 മുതൽ 4/19വരെ Door Closed, 5/19 മുതൽ 7/19 Deceased, |

| | | | |
|---|---|---|---|
| | | | ആഗസ്റ്റ് 2019 മുതൽ തടഞ്ഞുവെച്ചിരിക്കുന്നു |
| 3 | ആസിഫ് അൻസാരി (വികലാംഗ പെൻഷൻ) | 108690400208 | ജൂലൈ 2018<br>(8/18 മുതൽ 7/19വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല- deceased, 8/19മുതൽ തടഞ്ഞുവെച്ചിരിക്കുന്നു.) |
| 4 | കോമളം (വാർദ്ധക്യകാല പെൻഷൻ) | 108690201500 | DBT Report 8/19 മുതലുള്ള വിവരങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്.<br>8/19 മുതൽ തടഞ്ഞുവെച്ചിരിക്കുന്നു. |
| 5 | റഹ്മത്ത് (വാർദ്ധക്യകാല പെൻഷൻ) | 108690201316 | ജൂലൈ 19<br>8/19മുതൽ തടഞ്ഞുവെച്ചിരിക്കുന്നു. |

ബാങ്ക് വഴിയും ഡയറക്ട് ടു ഹോം ആയും പെൻഷൻ കൈപ്പറ്റുന്ന എല്ലാ ഗുണഭോക്താക്കളുടെയും വിവരങ്ങൾ സിവിൽ രജിസ്ട്രേഷൻ ഡാറ്റയുമായി ഒത്തു നോക്കി പരിശോധിച്ച് അനർഹർ ഡാറ്റാ ബേസിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

2.പെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു

ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ സസ്പെൻഡ് ചെയ്യാതിരിക്കുന്നതിനാൽ പെൻഷണറുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതു വരെ ഡി.ബി.റ്റി സെൽ വഴി ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നത് തുടരുന്നു.

2021 വർഷത്തെ മരണരജിസ്റ്ററുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | മരണപ്പെട്ടതിനു ശേഷം തുക കൈമാറിയ മാസങ്ങൾ | ആകെ അനർഹമായി കൈമാറിയ തുക |
|---|---|---|---|---|---|
| 1. | കുമാരൻ, ചിലമ്പത്ത് വീട്. കരിപ്പോട് | 108690200389 (വാർദ്ധക്യകാല പെൻഷൻ) | 27.12.20 | 01/21 മുതൽ 6/22 | 3x1500+15x1600= 28500 |
| 2. | താജിദീൻ അബ്ദുൾകരീം, ചമ്പുവീട് അടിച്ചിറ | 108690201511 (വാർദ്ധക്യകാല പെൻഷൻ) | 04.02.21 | 03/21 മുതൽ 04/21 വരെ | 1x1500+1x1600= 3100 |
| 3. | ബദറുന്നീസ, തെങ്കാഞ്ചി വീട്, നെല്ലിലാട് | 108690600460 (വിധവാ പെൻഷൻ) | 07.03.21 | 04/ 21 മുതൽ 08/21 വരെ | 5x1600=8000 |

| | | | | | |
|---|---|---|---|---|---|
| 4. | സൽഹാമ എച്ച്, മട്ടൺ ഹൗസ്, സൗത്ത് സ്ട്രീറ്റ്, പുതുനഗരം | 108690600677 (വിധവാ പെൻഷൻ) | 09.12.20 | 01/21 മുതൽ 10/21 വരെ | 3x1500+7x1600= 15700 |
| 5. | രവീന്ദ്രൻ എസ്, മായൻവീട്, പുതുനഗരം | 108690400104 (വികലാംഗ പെൻഷൻ) | 26.04.21 | 05/21 മുതൽ 6/22 വരെ | 14x1600= 22400 |

3) മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ക്ഷേമപെൻഷൻ വാങ്ങിവരുന്നവരിൽ ഈ സ്ഥാപനത്തിൽ മരണം രജിസ്റ്റർ ചെയ്തതിനു ശേഷം നിലവിലും ഗുണഭോക്താക്കൾ ആക്ടീവ് സ്റ്റാറ്റസിൽ തുടരുന്നു. ഉദാഹരണം താഴെ ചേർക്കുന്നു.

| പെൻഷനറുടെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | മരണപ്പെട്ടതിനു ശേഷം തുക കൈമാറിയ മാസങ്ങൾ | ആകെ അനർഹമായി കൈമാറിയ തുക |
|---|---|---|---|---|
| കെ വിജയലക്ഷ്മി, ഇല്ലത്തുകുളമ്പ്, കരിപ്പോട്(വണ്ടാഴി ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താവ്) | 108830201322 (വാർദ്ധക്യകാല പെൻഷൻ) | 07.03.21 | 04/ 21 മുതൽ 08/21 വരെ | 5x1600= 8000 |

4. സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതാ മാനദണ്ഡങ്ങൾ/നിർദ്ദേശങ്ങൾ-ഭേദഗതി ഉത്തരവ് പാലിക്കുന്നില്ല

സ. ഉ(എം.എസ്) നം 97/2020/ധന. തീയതി 23.09.2020 പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതാ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഉത്തരവ് പ്രകാരം 06.02.2017 ന് മുമ്പ് സാമൂഹ്യസുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങി വരുന്നവർക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ 06.02.2017 മുതൽ ഒരു സാമൂഹ്യ സുരക്ഷാപെൻഷന് മാത്രമേ അർഹതയുള്ളൂ.

നവംബർ 2022 ലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ *"സർക്കാർ ഉത്തരവ് പ്രകാരം 06/02/2017-നു ശേഷം ഒന്നിൽ കൂടുതൽ പെൻഷൻ അനുവദനീയമല്ല"* എന്ന കാരണത്താൽ പെൻഷൻ തടഞ്ഞുവച്ചിട്ടുണ്ട്.

| ഗുണഭോക്താവ് | പെൻഷണർ ഐ.ഡി | 09/20-നു ശേഷവും പെൻഷൻ തുക 600 രൂപയായി അനുവദിച്ച കാലയളവ് |
|---|---|---|
| വേലായുധൻ, തോട്ടിങ്കൽ, പുതുനഗരം. (ആക്ടീവ്, ഡയറക്റ്റ് ടു ഹോം) | 108690201069 | 09/20 മുതൽ 11/21 വരെ<br>12/21 മുതൽ തടഞ്ഞുവെച്ചിരിക്കുന്നു. |

ഉത്തരവിൽ ഈ നിർദ്ദേശം ഉണ്ടായത് 23.09.2020 തീയതിയിലാണ്. ഗുണഭോക്താവിന്റെ ഡി.ബി.റ്റി റിപ്പോർട്ട് പ്രകാരം 11/21 വരെയുള്ള കാലയളവിലും പെൻഷൻ നൽകിയിട്ടുള്ളതായി കാണുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് മേൽപ്പരാമർശിച്ച അപാകതകൾക്ക് വിശദീകരണം, ഇവ പരിഹരിക്കാൻ സ്വീകരിച്ച നടപടി എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/13.02.23) മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1. എല്ലാ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരം സിവിൽ രജിസ്ട്രേഷൻ വിവരങ്ങളുമായി ഒത്തു നോക്കി മരണപ്പെട്ട/അനർഹരായ ആളുകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് പെൻഷൻ തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. മരണപ്പെട്ടവരെ അടിയന്തിരമായി പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.
3. സേവന സോഫ്റ്റ് വെയറിൽ ലഭ്യമാകുന്ന ബിൽ ഡിസ്ക്രിപൻസി റിപ്പോർട്ട് പരിശോധിച്ച് അപാകതകൾ പരിഹരിക്കേണ്ടതാണ്.
4. 06.02.2017 മുതൽ ഒരു സാമൂഹ്യ സുരക്ഷാ പെൻഷന് മാത്രമേ അർഹതയുള്ളൂ എന്നതിനാൽ ഇത്തരത്തിലുള്ള എല്ലാ ഗുണഭോക്താക്കളുടെയും കൃത്യമായ വിവരം ശേഖരിച്ച് അനർഹർ എന്നു കണ്ടെത്തുന്നവരെ ഉടനടി ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നതിനും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത മറ്റു തദ്ദേശസ്ഥാപനങ്ങളിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ അതാതു സ്ഥാപനങ്ങളെ അറിയിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 6.02.2023 മുതൽ 13.02.2023വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സ്ഥാപനം | വർഷം | | | | |
| ബ്ലോക്ക് പഞ്ചായത്ത്, കൊല്ലങ്കോട് | 2021-22 | 357476 | 16/22-സമഗ്ര നെൽകൃഷി വികസനം | 357476 | 0 |
| | 2021-22 | 350000 | 15/22- പെയിൻ &പാലിയേറ്റീവ് | 350000 | 0 |
| | 2021-22 | 1400000 | 46/22-ലൈഫ് ഭവനം (ജനറൽ) | 1400000 | 0 |
| | 2021-22 | 1220000 | 44/22-ലൈഫ് ഭവനം (എസ്.സി) | 1220000 | 0 |
| | 2021-22 | 300000 | 10/22- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 300000 | 0 |
| | - | 802099 | വിവരങ്ങൾ ലഭ്യമ ല്ല | 0 | 802099 |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | 2021-22 | 737924 | 16/22- സമഗ്രനെൽകൃഷി കൂലിച്ചെലവ് | 737924 | 0 |
| | 2021-22 | 300000 | 46/22 - ലൈഫ് ഭവനം (ജനറൽ) | 300000 | 0 |
| | - | 19566 | വിവരങ്ങൾ ലഭ്യമല്ല | 0 | 19566 |

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം (802099/-) , ജില്ലാ പഞ്ചായത്ത് വിഹിതം (19566/-) എന്നിവ ഏതെല്ലാം സംയുക്ത പദ്ധതികളുടെ നീക്കിയിരുപ്പാണെന്ന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വ്യക്തമല്ല.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവഹണ ഏജൻസി | പ്രൊജക്ട് നം. | പ്രവൃത്തി യുടെ പേര് | നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി, പുതുനഗരം | 78/22 | | 22100895/222 /03/22 898/23.03.22 | 669000 1297 | വിനിയോഗ വിവരം ലഭ്യമല്ല | 670297 |
| 2 | കെ.എസ്.ഇ.ബി, പുതുനഗരം | 190/22 | വടക്കേ വിരിഞ്ഞപ്പാടം എസ്സി കേളനി സ്ട്രീറ്റ് ലൈൻ വലിക്കൽ - ഇലക്ട്രിക്ക് പോസ്റ്റ് | 22100894/22 /03/22 | 73373 | ടി | 73373 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | സ്ഥാപിക്കൽ വാർഡ് 6 | – | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലോൺ – ലൈഫ് പദ്ധതി | – | 680000 | 27200000 | 2596000 | | 25284000 |

## 4-6 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 3-1 | 2017-18 | 1.9.3 | ഇരുചക്ര വാഹനം വാങ്ങുന്നതിന് അർഹതാ മാനദണ്ഡങ്ങൾ വിലയിരുത്താതെ ധനസഹായം നൽകി- പദ്ധതി | വിഷയം ബഹു.നിയമ സഭാ സമിതിയുടെ പരിഗണനയിലാണ്. |

| | | | | | |
|---|---|---|---|---|---|
| | | | | ലക്ഷ്യം<br>കൈവരിച്ചില്ല | |

4-9 ചാർജ്ജ്/സർചാർജജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 6993302 |
| ഓഡിറ്റ് വർഷത്തെ വരവ് | 49147282 |
| ആകെ | 56140584 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 45181865 |
| നീക്കിയിരിപ്പ് | 10958719 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 151000/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-24 | 151000/- | ശ്രീമതി ഷീല,<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷീല, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ,<br>ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റ്,<br>അന്തിക്കാട്, തൃശ്ശൂർ | അശ്വതി ഗാർഡൻസ്, കിഴപ്പിള്ളിക്കര,തൃശ്ശൂർ -680704 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1996-97 | LF P9-217/06/22.7.06/8.8.06<br>LF P8-723/97/5.6.00 | 12 |
| 1997-98 | LF P9-1271/06/5.7.07 | |
| 1998-99 | LF P9-725/05/13.2.06/2.5.06 | |
| 1999-00 | LFP19/1068/12/4.7.12 | |
| 2000-01 | LFP19/1967/13/11.7.14/ 10.12.14 | 7 |
| 2001-02 | LFP19/1631/13/11.7.14/ 28.11.14 | 6 |
| 2002-03 | LFP19/1632/13/17.11.14/ 28.11.14 | 8 |
| 2003-04 | LFP19/1628/13/17.11.14/ 4.12.14 | 10 |
| 2004-05 | LFP19/1546/13/19.11.14/ 28.11.14 | 2 |
| 2005-06 | LFP19/1388/13/28.11.14/ 4.12.14 | 5 |
| 2006-07 | LFP19/141/15/26.6.15/6.7.15 | 4 |
| 2007-08 | LFP19/1387/13/24.11.14/ 4.12.14 | 2 |
| 2008-09 | LFP19/1378/13/17.11.14/ 28.11.14 | 2 |
| 2009-10<br>2010-11 | LFP19/2205/13/16.12.14/ 6.2.15 | 7 |
| 2011-12 | LFP19/350/15/13.4.15/18.4.15 | 3 |
| 2012-13 | നം.എൽ.എഫ്.പി.17/391/15 Dtd 18.05.2015 | 4 |
| 2013-14<br>2014-15 | കെ.എസ്.എ.പി.കെ.ഡി/19-1232/2016 Dtd 31.07.2016 | 2 |
| 2015-16 | കെ.എസ്.എ.പി.കെ.ഡി/19-9/ 2017 Dtd 31.12.2016 | 9 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.ഡി-പി.കെ.ഡി 19-2032/2017 Dtd 23.10.2017. | 13 |
| 2017-18 | കെ.എസ്.എ.ഡി-പി.കെ.ഡി 19-159/2019 Dtd 03.4.2019 | 15 |
| 2018-19 | നം.കെ.എസ്.എ-പികെഡി19/119 /2020/11.3.20 | 27 |
| 2019-20 | നം.കെ.എസ്.എ-പികെഡി19/1456 /2022/08.07.22 | 6 |
| 2020-21 | കെ.എസ്.എ.പി.കെ.ഡി 19-1457/2022/ 21/07/2022 | 20 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം - 3

വാർഷിക ധനകാര്യ പത്രികകൾ

| Pudunagaram Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3485889.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1121706.00 |
| 140000000 | Fee & User Charges | I-4 | 622873.00 |
| 150000000 | Sale & Hire Charges | I-5 | 58504.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 101263948.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 122225.00 |
| 180000000 | Other Income | I-9 | 9450.00 |
| 190000000 | Prior Period Income | I-19 | -824.00 |
| | Total Income | | 106684595.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 11100832.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11 | 1046695.00 |
| 230000000 | Operations & Maintenance | I-12 | 1248707.00 |
| 240000000 | Interest & Finance Charges | I-13 | 391.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5316156.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 19854076.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 3288137.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 20835345.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 40463730.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue | I-14(F) | 698331.00 |

| | | | |
|---|---|---|---|
| | Grants and Funds - Revenue Expenses | | |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |

| Pudunagaram Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 6972933.00 |
| Cash | Cash | RP-40(a) | 20369.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 883868.00 |
| 130000000 | Rental income from Panchayat Properties | RP-3 | 297000.00 |
| 140000000 | Fees & User Charges | RP-4 | 461438.00 |
| 150000000 | Sale & Hire Charges | RP-5 | 58504.00 |
| 160000000 | Revenue Grants, Funds, Contributions & | RP-7 | 33416433.00 |

| | | | |
|---|---|---|---|
| | Compensations | | |
| 171000000 | Interest Earned | RP-9 | 122225.00 |
| 190000000 | Prior Period Income | RP-11 | 13176.00 |
| 210000000 | Establishment Expenses | RP-12 | 42743.00 |
| 220000000 | Administrative Expenses | RP-13 | 227.00 |
| 230000000 | Operations & Maintenance | RP-14 | 100.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 3030.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 8184760.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 4475965.00 |
| 460000000 | Loans, Advances and Deposits | RP-49 | 4140.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 9450.00 |
| 330000000 | Secured Loans | RP-31 | 680000.00 |
| 340000000 | Deposits Received | RP-33 | 28345.00 |
| 350000000 | Other Liabilities | RP-35 | 465878.00 |
| | Grand total | | 56140584.00 |
| | PAYMENTS | | |
| | Operating | | |
| 250000000 | Decentralised Plan Programme-Productive Sector | RP-16 | 6866199.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | RP-17 | 11601389.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-18 | 3211588.00 |
| 412000000 | Capital Work In Progress | RP-39 | 1407831.00 |

| Pudunagaram Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -28316076.40 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 38333633.00 |
| | Total Reserve & Surplus | | 10017556.60 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7476009.00 |
| | Total Grants, Contributions for Specific Purposes | | 7476009.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 25284000.00 |

| | | | |
|---|---|---|---|
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 25284000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 335851.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 35821445.40 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 36157296.40 |
| | TOTAL LIABILITIES | | 78934862.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 755289.00 |
| 412000000 | Capital Work in Progress | B-11(b) | 2247246.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 124052.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 12784413.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 29422219.00 |
| 416000000 | Accumulated Depreciation | B-11(a) | -8803662.00 |
| | Total Fixed Assets | | 36529557.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |

Deputy Director